# കേരള സർവകലാശാല

നം.പി.ആർ.189/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പ്രൊഫ. എൻ. കൃഷ്ണപിള്ള അവാർഡ്

കേരള സർവകലാശാലയിലെ കാര്യവട്ടം അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് പഠന വകുപ്പും പൂർവ്വ വിദ്യാർത്ഥി സംഘടനയും ക്രസ്റ്റേഷൻ ജീവികളുടെ വർഗീകരണ ശാസ്ത്രത്തിൽ വിശിഷ്ട സംഭാവനകൾ നൽകുന്ന ശാസ്ത്രജ്ഞർക്കായി ഏർപ്പെടുത്തിയ പ്രഥമ പ്രൊഫ. എൻ. കൃഷ്ണപിള്ള അവാർഡിന് സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയുടെ ലീ കോങ് ചിയാൻ നാചുറൽ മ്യൂസിയം മേധാവി പ്രൊഫ. പീറ്റർ ഉങ്, കേരള ഫിഷറീസ് സർവകലാശാല റിസർച്ച് ഡയറക്ടർ പ്രൊഫ. കെ.വി. ജയചന്ദ്രൻ എന്നിവർ അർഹരായി. ആഗോളതലത്തിൽ ക്രസ്റ്റേഷൻ ജീവികളുടെ വർഗീകരണ ശാസ്ത്രത്തിൽ സമഗ്ര സംഭാവനകൾ നൽകിയ അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് പഠന വകുപ്പ് മുൻ മേധാവി പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ സ്മരണാർത്ഥമാണ് അവാർഡ്.

### എം.പി.എ പ്രാക്ടിക്കൽ, വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.പി.എ പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ ഒക്ടോബർ 17 മുതലും ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.പി.എ പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 24 മുതലും നടത്തും. വിശദവിവരങ്ങൾ കോളേജിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

### എം.സി.എ പരീക്ഷ

കേരള സർവകലാശാല നവംബറിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.സി.എ (2015 സ്കീം – റഗുലർ, 2011 സ്കീം – സപ്ലിമെന്ററി, 2006 സ്കീം – സപ്ലിമെന്ററി & മേഴ്സിചാൻസ്), നാലാം സെമസ്റ്റർ എം.സി.എ (2011 സ്കീം – റഗുലർ & സപ്ലിമെന്ററി, 2006 സ്കീം – സപ്ലിമെന്ററി & മേഴ്സിചാൻസ്) പരീക്ഷകളുടെ വിജ്ഞാപനം വെബ്സൈറ്റിൽ (www.exams.keralauniversity.ac.in) നോട്ടിഫിക്കേഷൻസ് എന്ന ലിങ്കിൽ ലഭിക്കും. പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ 24 (50 രൂപ പിഴയോടെ ഒക്ടോബർ 26, 250 രൂപ പിഴയോടെ ഒക്ടോബർ 28) വരെ ഫീസടയ്ക്കാം. മറ്റ് ഫീസ് വിവരങ്ങൾ വെബ്സൈറ്റിൽ (www.exams.keralauniversity.ac.in) നോട്ടിഫിക്കേഷൻസ് എന്ന ലിങ്കിൽ ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
13.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098